Registered Tapal

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**
dtekerala@gmail.com
04712561307

**നടപടിക്രമം**

വിദ്യാഭ്യാസം - സാങ്കേതിക വിദ്യാഭ്യാസം - ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ജീവനക്കാര്യം (ഡി) - ശ്രീ.ബോബി ജോർജ്ജ്, ഓഫീസ് അറ്റൻഡൻറ്, സർക്കാർ പോളിടെക്നിക് കോളേജ്, കടുത്തുരുത്തി - കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം I അനുബന്ധം XII എ - ശൂന്യവേതനാവധി - അനുവദിച്ച് - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

ജീവനകാര്യം (ഡി) വിഭാഗം

നം: ഇ.ഡി-3/48146/23/ഡി.ടി.ഇ തിരുവനന്തപുരം , തീയതി: 06.12.2023

---

വായന:- 1.01.12.2012 ലെ സ.ഉ (പി) നം.656/2012/ധന നമ്പർ സർക്കാർ ഉത്തരവ്
2.05.11.2020 ലെ സ.ഉ (പി) നം.152/2020/ധന നമ്പർ സർക്കാർ ഉത്തരവ്
3.30.12.2020 ലെ 83/2020/ധന നമ്പർ സർക്കാർ പരിപത്രം
4.09.06.2022 ലെ 44/2022/ധന നമ്പർ സർക്കാർ പരിപത്രം
5.02.11.2023 ലെ ശ്രീ.ബോബി ജോർജ്ജ്, ഓഫീസ് അറ്റൻഡൻറ് സമർപ്പിച്ച ശൂന്യവേതനാവധി അപേക്ഷ
6.08.11.2023 ലെ ഇ/2568/23/ജിപിസി-കെടിവൈ നമ്പർ കത്ത്.

**ഉത്തരവ്**

കടുത്തുരുത്തി സർക്കാർ പോളിടെക്നിക്ക് കോളേജിലെ ഓഫീസ് അറ്റൻഡൻറ് ശ്രീ.ബോബി ജോർജ്ജിന് ഭാഗം - I, കേരള സർവ്വീസ് ചട്ടങ്ങളിലെ അനുബന്ധം XII എ പ്രകാരം വിദേശത്ത് ജോലിയിൽ ഏർപ്പെടുന്നതിന് 01.01.2024 മുതൽ 31.12.2028 വരെയുള്ള അഞ്ച് വർഷത്തേക്ക് ശൂന്യവേതനാവധി അനുവദിക്കണമെന്ന ടിയാൻറെ അവധി അപേക്ഷയും, അനുബന്ധങ്ങളും; ആവശ്യമായ ശിപാർശ സഹിതം വായന (6) പ്രകാരം സ്ഥാപന മേധാവി ലഭ്യമാക്കിയിരുന്നു.

ടിയാനെതിരെ അച്ചടക്ക നടപടി, വിജിലൻസ് കേസ്, സർക്കാർ ബാധ്യത എന്നിവകൾ ഒന്നുമില്ലായെന്ന് സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തിയിരുന്നു.

മേൽ വസ്തുതകളുടെ വെളിച്ചത്തിൽ, കടുത്തുരുത്തി സർക്കാർ പോളിടെക്നിക്ക് കോളേജിലെ ഓഫീസ് അറ്റൻഡൻറ് ശ്രീ.ബോബി ജോർജ്ജിന് (പെൻ - 739903) വിദേശത്ത് ജോലിയിൽ ഏർപ്പെടുന്നതിന് 01.01.2024 മുതൽ 31.12.2028 വരെയുള്ള അഞ്ച് വർഷത്തേക്ക്, ഭാഗം - I, കേരള സർവ്വീസ് ചട്ടങ്ങളിലെ അനുബന്ധം XII എ യിലെ വ്യവസ്ഥകൾക്ക് വിധേയമായി ശൂന്യവേതനാവധി അനുവദിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

അവധി ആർജ്ജനം, ഇൻക്രിമെൻറ്, ഗ്രാറ്റുവിറ്റി, പെൻഷൻ, സീനിയോറിറ്റിയുമായി ബന്ധപ്പെട്ട ഉദ്യോഗകയറ്റം മുതലായ എല്ലാ സർവ്വീസ് ആനുകൂല്യങ്ങളും ടി ശൂന്യവേതനാവധി കാലയളവിൽ ടിയാന് നഷ്ടമാകുന്നതാണ്.

Draft #2 of File ED3/48146/23/DTE Approved by Director (in-charge) on 06-Dec-2023 05:42 PM - Page 1

ഭാഗം - I, കേരള സർവ്വീസ് ചട്ടങ്ങളിലെ അനുബന്ധം XII എ / XII സി പ്രകാരം അനുവദിക്കാവുന്ന ശൂന്യവേതനാവധിയുടെ കാലയളവ് വായന (2) ഉത്തരവ് പ്രകാരം ആകെ സർവ്വീസിൽ അഞ്ച് വർഷമായി പരിമിതപ്പെടുത്തിയതിനാൽ, ടി പ്രകാരം അനുവദിക്കപ്പെട്ട ശൂന്യവേതനാവധി കാലയളവ് അവസാനിച്ചയുടൻ ജോലിയിൽ തിരികെ പ്രവേശിക്കേണ്ടതും, അല്ലാത്ത പക്ഷം 1960 ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നടപടിക്രമം പാലിച്ചതിന് ശേഷം സേവനം അവസാനിപ്പിക്കുന്നതുമാണ്.

ടി പ്രകാരം അനുവദിക്കപ്പെട്ട ശൂന്യവേതനാവധി റദ്ദ് ചെയ്തോ / ശൂന്യവേതനാവധി കാലഘട്ടം അവസാനിച്ചോ സേവനത്തിൽ തിരികെ പ്രവേശിക്കുന്നതിനായി ചുരുങ്ങിയത് രണ്ട് മാസത്തിനു മുൻപായി ഉചിത മാർഗ്ഗേണ വകുപ്പ് മേധാവിക്ക് അപേക്ഷ നൽകേണ്ടതാണ്.

ടി വിവരങ്ങൾ ടിയാൻറെ സേവന പുസ്തകം, "സ്പാർക്ക്", "എംഐഎസ്" എന്നിവകളിൽ യഥാവിധി രേഖപ്പെടുത്തേണ്ടതാണ്.

ഒപ്പ് /-

ഡോ. രാജശ്രീ എം.എസ്
ഡയറക്ടർ (ഇൻ ചാർജ്)

സ്വീകർത്താവ്

1.ശ്രീ.ബോബി ജോർജ്ജ്, ഓഫീസ് അറ്റൻഡൻറ്, സർക്കാർ പോളിടെക്നിക് കോളേജ്,കടുത്തുരുത്തി (സ്ഥാപന മേധാവി വഴി)
2. പ്രിൻസിപ്പാൾ,സർക്കാർ പോളിടെക്നിക് കോളേജ്,കടുത്തുരുത്തി (സേവന പുസ്തകം കൈപ്പറ്റിയതിൻറെ വിവരം ഡിഎഫ്എസ് വഴി മാത്രം അറിയിക്കേണ്ടതാണ്)
3.സൂപ്രണ്ട്,ജീവനക്കാര്യം (ജി) വിഭാഗം,ഡിടിഇ (ഡിഡിഎഫ്എസ് വഴി)
4.ഡിഡിഎഫ്എസ് കരുതൽ സഞ്ചയം

**Approval Valid**

Digitally Approved By
ഡോ. രാജശ്രീ എം.എസ്
Date: 06.12.2023
Reason: Approved

Draft #2 of File ED3/48146/23/DTE Approved by Director (in-charge) on 06-Dec-2023 05:42 PM - Page 2

The document is digitally approved. Hence signature is not needed.